**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4025

16/05/2017 - ൽ മറുപടിക്ക്

## കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ ഓണറേറിയം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി.ദിവാകരൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) 2017 ജനുവരിയിൽ കുടുംബശ്രീ ഗവേണിംഗ് ബോഡി, കരാർ ജീവനക്കാരായ കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടന്റുമാരുടെ ഓണറേറിയം 8000/- രൂപയിൽ നിന്ന് 16,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br><br>(ബി) വർദ്ധിപ്പിച്ച ഓണറേറിയം നൽകാൻ തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ വർദ്ധിപ്പിച്ച ഓണറേറിയം നൽകാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;<br><br>(സി) വർദ്ധിപ്പിച്ച ഓണറേറിയം നൽകാനുള്ള ഉത്തരവ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (എ), (ബി) & (സി) 12.01.2017 ന് കൂടിയ ഗവേണിംഗ് ബോഡി യോഗത്തിൽ സി.ഡി.എസ് അക്കൗണ്ടന്റ്മാരുടെ ശമ്പളം 15,000/- രൂപയായി ഉയർത്താനും 2017 ജനുവരി 1 ന് കുടുംബശ്രീയിൽ അക്കൗണ്ടന്റായി 5 വർഷത്തിൽക്കൂടുതൽ പ്രവർത്തന പരിചയമുള്ളവരുടെ ശമ്പളം 16,000/- രൂപയായി നിശ്ചയിക്കാനും ശുപാർശ ചെയ്തിട്ടുണ്ട്. കുടുംബശ്രീയിലെ മറ്റു വിഭാഗം ജീവനക്കാരുടെ ശമ്പള വർദ്ധനവിനുള്ള ശുപാർശകൾക്കൊപ്പം ഇക്കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ഇതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ